TB Movie Panel Weekly Review
**#moviepanel**

ഭീഷ്മപർവ്വം

Written By: Arjun Anand

ഒരു മനുഷ്യായുസ്സിൽ ചിന്തിച്ചെടുക്കാവുന്ന ഒരുവിധം കഥകൾ എല്ലാം തന്നെ മഹാഭാരതത്തിൽ എഴുത്തപ്പെട്ടിട്ടുണ്ട് എന്ന് കരുതുന്നത് ഒട്ടും അതിശയോക്തിയാവില്ല.. അത്രത്തോളം വൈവിധ്യമാർന്ന കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളും സൃഷ്ടിക്കപെട്ടിട്ടുണ്ട് മഹാഭാരതത്തിൽ.. ഏതൊരു കഥയുടെയും സൂക്ഷ്മാംശം എടുത്തു വിശകലനം ചെയ്താലും അത് മഹാഭാരതത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടാവും.. അത് പോലെ പകയും പ്രതികാരവും എല്ലാം വിഷയമാകുന്ന ഒരുവിധം സിനിമകളുടെ എല്ലാം അവലംബം എന്ന് പറയാവുന്ന സൃഷ്ടി ആണ് ഗോഡ്ഫാദർ... ഗോഡ്ഫാദറിലെ കഥാപാത്രങ്ങൾക്ക് മഹാഭാരതത്തിന്റെ ഒരു ഫ്ലേവർ നൽകി ആറ്റിക്കുറുക്കിയെടുത്ത ചിത്രം ആണ് ഭീഷ്മ പർവ്വം...

മലയാള സിനിമയെയും സാക്ഷാൽ മമ്മൂട്ടിയെയും അതുവരെ കാണാത്ത തരത്തിൽ സ്റ്റൈലിഷ് ആയും വ്യത്യസ്തമായും ബിഗ് ബി യിലൂടെ അവതരിപ്പിച്ച സംവിധായൻ ആണ് അമൽ നീരദ്... തന്റെ ആദ്യ ചിത്രം മുതൽ അമൽ പിന്തുടർന്ന് പോരുന്ന ലോ ആംഗിൾ ഷോട്ടുകളുടെയും സ്ലോമോഷൻ രംഗങ്ങളുടെയും അകമ്പടിയോടെ പതിഞ്ഞ താളത്തിൽ തുടങ്ങി സാവധാനം പുരോഗമിച്ചു അവസാനത്തോട് അടുക്കുമ്പോൾ ഒരു കൊട്ടിക്കലാശം നടത്തുന്ന പതിവ് ശൈലിയിൽ തന്നെ ആണ് ഭീഷ്മയും ഒരുക്കിയിരിക്കുന്നത്....

80പതുകളിലെയും 90 കളിലെയും കൊച്ചിയുടെ ഒരു ഭാഗം നിയന്ത്രിച്ചിരുന്ന അഞ്ഞൂറ്റിക്കാരൻ കുടുംബത്തിന്റെ കഥയാണ് ഭീഷ്മ പർവ്വം.. വർക്കിയുടെ അഞ്ചു മക്കളിൽ മൂന്നാമൻ ആയ മൈക്കൾ ആണ് അഞ്ഞൂറ്റിക്കാരൻ കുടുംബത്തിന്റെ അമരക്കാരൻ... കുടുംബത്തിലെ ഏതു കാര്യത്തിലെയും അന്തിമ തീരുമാനം മൈക്കിളിന്റെ ആണ്.. ആ ഒരു കാരണം കൊണ്ട് തന്നെ കുടുംബത്തിനകത്തും മുറുമുറുപ്പ് ഉണ്ട്.. തുടർന്ന് മൈക്കിളിന്റെ കുടുംബത്തിൽ നടക്കുന്ന ചില സംഭവ വികാസങ്ങളിലൂടെ ആണ് ചിത്രം മുൻപോട്ട് പോകുന്നത്...

എൺപതുക്കളുടെ പശ്ചാത്തലത്തിൽ ആണ് കഥ പറയുന്നതെങ്കിലും ആനുകാലിക രാഷ്ട്രീയ സാമൂഹിക സംഭവങ്ങൾ വ്യക്തമായി തന്നെ ചർച്ച ചെയ്യപ്പെടുന്നുണ്ട് ചിത്രത്തിൽ...മൈക്കിൾ ആയി എത്തുന്നത് മമ്മൂട്ടിയാണ്... ഇന്നത്തെ മമ്മൂട്ടിയുടെ ശരീരഭാഷയ്ക്കും പ്രായത്തിനും യോജിച്ച വീര്യത്തിലും പ്രൗഢിയിലും കൃത്യമായി തുണിയെടുത്ത

വേഷമാണ് മൈക്കിൾ... അസാധ്യ സ്ക്രീൻ പ്രെസെൻസും പ്രകടനവുമാണ് മമ്മൂട്ടിയുടേത്...പലപ്പോഴും ഇരുട്ടിൽ പാതി മറഞ്ഞ മുഖത്ത് വിരിയുന്ന വിസ്മയ ഭാവങ്ങൾ കൊണ്ട് പ്രേക്ഷരോട് സംവദിക്കുന്ന മമ്മൂട്ടിയെ കണ്ടിരിക്കുന്നത് തന്നെ ആസ്വാദ്യകരമായ അനുഭവം ആണ്...

മുകളിൽ പറഞ്ഞതുപോലെ ഗോഡ്ഫാദറിൽ നിന്നും മഹാഭാരതത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് എഴുതിയ കേട്ടു പഴകിയ വളരെ നേർത്ത കഥാതന്തു ആയിരുന്നിട്ടു കൂടി മൈക്കിളിന്റെ ഒറ്റയാൾ പ്രകടനം ആയി ഒതുങ്ങി പോകാതെ ആഴത്തിൽ വേരോടുന്ന ശക്തമായ കഥാപാത്രങ്ങൾ സൃഷ്ടിക്കുവാൻ അമലിനും ദേവദത്തിനും കഴിഞ്ഞിട്ടുണ്ട്.. സ്ക്രീനിൽ വന്നു പോകുന്ന എല്ലാ അഭിനേതാക്കൾക്കും മികവുറ്റ പ്രകടനം നടത്താൻ ഉള്ള ഇടം നൽകി ആണ് തിരക്കഥ എഴുതപ്പെട്ടിട്ടുള്ളത് ...ആ കഥാപാത്രങ്ങൾ ഒക്കെയും പ്രേക്ഷകനുമായി വൈകാരികമായൊരു ബന്ധം സ്ഥാപിക്കുന്നും ഉണ്ട്..

എല്ലാവരുടെയും പ്രകടനം മികച്ചു നിന്നെങ്കിലും എടുത്തു പറയേണ്ട ചിലത് വ്യത്യസ്ത ഭാവങ്ങൾ സൂക്ഷ്മ ശരീര ചലനങ്ങളോടെയും ഭാവങ്ങളോടെയും അവതരിപ്പിച്ച ഷൈൻ ടോം ചാക്കോയുടെയും ശ്രീനാഥ് ഭാസിയുടെയും (ഭാസിയുടെ തനത് ശൈലിയിൽ ഉള്ള കൊച്ചിക്കാരൻ കഥാപാത്രം ആണെങ്കിൽ പോലും )ഒന്നിലധികം ലെയറുകൾ ഉള്ള കഥാപാത്രം മികച്ചതാക്കിയ സൗബിന്റെയും, അല്പം വ്യത്യസ്തമായ വേഷം ചെയ്ത അബു സലീമിന്റെയും ഫാത്തിയെ മനോഹരമാക്കിയ നദിയാ മൊയ്തുവിന്റെയും പ്രകടനങ്ങൾ ആണ്...ഫർഹാൻ ഫാസിലും ഹരീഷ് ഉത്തമനും മാലാ പാർവതിയും എല്ലാം തങ്ങളുടെ കഥാപാത്രങ്ങൾ നന്നായി അവതരിപ്പിച്ചു..മൈക്കിളിന്റെ പ്രധാന എതിരാളികളിൽ ഒരാളായെത്തിയ സുദേവ് നായരുടെ കഥാപാത്രത്തിന്റെ സൃഷ്ടി ആ കഥാപാത്രത്തിനു നൽകിയ ബിൽഡ് അപ്പിനോട് നീതി പുലർത്തിയിട്ടില്ല എന്നുള്ളത് ഒരു പോരായ്മ ആയി തോന്നി എങ്കിലും തനിക്ക് ലഭിച്ച രംഗങ്ങൾ സുദേവ് നന്നായി ചെയ്തിട്ടുണ്ട്..മണ്മറഞ്ഞുപോയ, മലയാളികളുടെ പ്രിയതാരങ്ങൾ കെ പി എ സി ലളിതയുടെയും നെടുമുടി വേണുവിന്റെയും പ്രകടനങ്ങൾ ഒരു വട്ടം കൂടി കാണാൻ കഴിഞ്ഞു...

ഭീഷ്മയ്ക്കു മുൻപ് ഇറങ്ങിയ അമൽ നീരദ് ചിത്രങ്ങളിൽ ഏറ്റവും മികച്ചതായി തോന്നിയിട്ടുള്ളത് ഇയോബിന്റെ പുസ്തകം ആണ്...തീയേറ്ററിൽ റിലീസ് ചെയ്ത നാളുകളിൽ പ്രതീക്ഷിച്ച അളവിൽ ഒരു വിജയം ആയില്ലെങ്കിൽ പോലും പിന്നീട് പ്രേക്ഷകർക്കിടയിൽ ഒരു കൾട്ട് പദവി നേടിയ ചിത്രം ആണ് ബിഗ് ബി... മേല്പറഞ്ഞ രണ്ടു ചിത്രങ്ങൾക്കും ഒട്ടനവധി ആരാധകർ ഉണ്ടെങ്കിൽ പോലും അക്ഷരാർത്ഥത്തിൽ പ്രേക്ഷകരെ രോമാഞ്ചം അണിയിച്ച ക്ലൈമാക്സ് ഒരു പക്ഷെ വരത്തന്റെതാണ്... പതിഞ്ഞ താളത്തിൽ തുടങ്ങി, വില്ലന്മാരുടെ സ്വഭാവം ഡീറ്റൈൽ ആയി പ്രേക്ഷകരിലേക്ക് എത്തിച്ച ശേഷം അവരുടെ

വില്ലത്തരങ്ങൾ കൊണ്ട് ആവോളം പ്രേക്ഷകരെ ആസ്വസ്ഥരാക്കിയ ശേഷം ക്ലൈമാക്സിൽ അവർക്ക് നല്ല ഉശിരൻ തിരിച്ചടി പ്രേക്ഷകർ ആഗ്രഹിച്ചതിനും മുകളിൽ കൊടുക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തി തന്നെ ആവാം അതിന് കാരണം.... ആ ഒരു രീതിയിൽ വിലയിരുത്തുമ്പോൾ വരത്തൻ എന്ന ചിത്രത്തിന്റെ ക്ലൈമാക്സ് നൽകിയ സുശക്തമായ സ്വാധീനം പ്രേക്ഷകനിൽ ജനിപ്പിക്കുവാൻ ഭീഷ്മപർവ്വത്തിന്റെ ക്ലൈമാക്സിന് സാധിക്കുന്നില്ല എങ്കിലും നിരാശരാക്കുന്നില്ല പ്രേക്ഷകരെ...ആവേശമുണർത്തുന്ന രംഗങ്ങൾ കൊണ്ട് സമ്പന്നം ആണ് ചിത്രം..

ഇയോബിന്റെ പുസ്തകം എന്ന ചിത്രത്തിന്റേതിന് സമാനമായ മേക്കിങ് ശൈലിയും പാത്രസൃഷ്ടിയും ആണ് ഭീഷ്മ പർവ്വത്തിന്റേത്... കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും ആവശ്യപ്പെടുന്ന വിധം അനുയോജ്യമായ സംഗീതവും പശ്ചാത്തല സംഗീതവും ഒരുക്കിയിരിക്കുന്നത് സുഷിൻ ശ്യാം ആണ്... ചില സ്ഥലങ്ങളിൽ സംഭാഷണങ്ങൾക്ക് മുകളിൽ നിൽക്കുന്ന വിധം ലൗഡ് ആയിട്ടുള്ള പശ്ചാതലസംഗീതം ആണെങ്കിൽ പോലും ഇത്രയും വലിയ ക്യാൻവാസിൽ ഒരുങ്ങിയ ചിത്രത്തിലെ മാസ്സ് രംഗങ്ങൾക്ക് അത് അനിവാര്യമായി അത് അനുഭവപ്പെട്ടു...ആനന്ദ് സി ചന്ദ്രന്റെ ക്യാമറ അമൽ നീരദിന്റെ മുദ്ര ഉള്ള മാജിക്കൽ ഫ്രെയിമുകൾ ആദ്യമായി പകർത്തിയപ്പോൾ ഒട്ടും മോശമാക്കിയിട്ടില്ല..

കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കുള്ളിൽ ഇറങ്ങിയ പക്കാ കൊമേർഷ്യൽ ചേരുവകളുമായെത്തിയ മമ്മൂട്ടി ചിത്രങ്ങളിൽ ഏറ്റവും മികച്ചത് ഭീഷ്മപർവ്വം തന്നെയാണ്..."എന്നോട് ആർക്കും സ്നേഹവും ബഹുമാനവും ഒന്നും ഉണ്ടായിട്ടല്ല ... പേടിയാണ് എല്ലാവർക്കും.. ഞാൻ ഉണ്ടാക്കിയെടുത്ത പേടി ".. മൈക്കിളിന്റെ ആ ഒരൊറ്റ ഡയലോഗിൽ ഉണ്ട് മൈക്കിൾ ആരാണെന്നും എന്താണെന്നും... അതിനൊത്ത ശരീരഭാഷയും ഭാവചലനങ്ങളുമായി സ്ക്രീനിൽ നിറഞ്ഞു നിൽക്കുകയാണ് മമ്മൂട്ടി..

തീർച്ചയായും ഒരു തീയേറ്റർ വാച്ച് അർഹിക്കുന്ന ചിത്രം തന്നെയാണ്.. അല്പം അതിശയോക്തി കലർത്തി പറഞ്ഞാൽ,വെറുതെ മേശമേൽ അലസമായി വച്ചിരിക്കുമ്പോൾ കാറ്റേറ്റ് പറന്നു താഴെ വീഴുന്ന കടലാസ് കക്ഷണത്തിനെ പോലും സ്റ്റൈലിഷ് ആയി അവതരിപ്പിക്കുന്ന, അല്പം ക്ലാസും മാസ്സും ഇമോഷനും സ്ലോമോഷനും ഒക്കെ ചേർന്ന അമൽ നീരദിന്റെ മേക്കിങ് ശൈലി ഇഷ്ടമാണെങ്കിൽ എല്ലാവരും മടിച്ചിരിക്കാതെ തീയേറ്ററിലേക്ക് "ജാവോ"